# വ്യവസായ കേരളം

63

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

01 JULY 2024

www.industry.kerala.gov.in


# കേരളം
## എം.എസ്.എം.ഇ. കളുടെ വാഗ്ദത്ത നാട്




ദേശീയതലത്തിൽ എം.എസ്.എം.ഇ. മേഖലയിലെ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതിയിലൂടെ കഴിഞ്ഞ 2 സാമ്പത്തിക വർഷത്തിനിടെ (2022-24) മാത്രം 5 ലക്ഷത്തിലധികം തൊഴിലുകളാണ് നമ്മുടെ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടത്. കഴിഞ്ഞ രണ്ട് വർഷവും ഒരു ലക്ഷത്തിലധികം എം.എസ്.എം.ഇ.കൾ നമ്മുടെ കേരളത്തിൽ ആരംഭിച്ചുവെന്നത് ചരിത്രപരമായ മുന്നേറ്റമാണ്. ദേശീയതലത്തിൽ എം.എസ്.എം.ഇ. മേഖലയിലെ ബെസ്റ്റ് പ്രാക്റ്റീസ് ആയി തെരഞ്ഞെടുക്കപ്പെട്ടത് കേരളത്തിൽ നിന്നുള്ള '**സംരംഭക വർഷം**' പദ്ധതിയായിരുന്നു എന്നത് എം.എസ്.എം.ഇ. ദിനത്തിൽ നമുക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്. സംരംഭക സൗഹാർദ്ദ സംസ്ഥാനമായി അടയാളപ്പെടുത്തികൊണ്ടിരിക്കുന്ന നമ്മുടെ കേരളത്തിൽ **മിഷൻ 1000** പോലെയുള്ള പദ്ധതികളിലൂടെ വ്യവസായ വാണിജ്യ വകുപ്പ് വിജയ തുടർച്ച ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന **സുപ്രധാന പദ്ധതികളും സേവനങ്ങളും പരിചയപ്പെടാം.**

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നതിനായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി **MSME ഇൻഷുറൻസ് പദ്ധതി.**

**എം.എസ്.എം.ഇ ക്ലിനിക്ക്** പദ്ധതി വഴി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ.

തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭക പദ്ധതികളുടെ നടത്തിപ്പിനായി 1153 **എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ** നിയമിച്ചു.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന **ഹെൽപ്പ് ഡെസ്കുകൾ.**

വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് **ഫെസിലിറ്റേഷൻ സെന്ററുകളായി** മാറ്റുകയും, അവിടെയെല്ലാം **താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ** നിയമിക്കുകയും ചെയ്തു.

എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും **14 റിസോഴ്സ് പേഴ്സൺമാർ.**

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി **പരാതി പരിഹാര സംവിധാനം** (Grievance Redressal System).

കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു സഹായിക്കുന്നതിനായി **കേരള ബ്രാൻഡ്** സംവിധാനം.

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യാനായി **Open Network for Digital Commerce (ONDC) യുടെ നെറ്റ് വർക്ക്.**

എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ **ഒരു കുടുംബം ഒരു സംരംഭം പദ്ധതി.**

സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി **ജി.ഐ മാർക്കറ്റിങ് പോർട്ടൽ.**

എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും **4% പലിശയ്ക്ക്** വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് **കേരള എന്റർപ്രൈസസ് ലോൺ സ്കീം** (KELS).

വ്യവസായ വളർച്ചയ്ക്ക് പ്രതികൂലമായ പ്രധാന ഘടകമായ അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സഹായകമാകുന്ന വിധത്തിൽ സ്വകാര്യ മേഖലയിൽ '**പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**' **പദ്ധതി.**

എം.എസ്.എം.ഇ. ദിനത്തിന്റെ ഭാഗമായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

**ഒരു സംരംഭകൻ പിറന്ന കഥ 07**





പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംരംഭങ്ങളുടെ രൂപവത്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി (പി.എം.എഫ്.എം.ഇ.) പാലക്കാട് ജില്ലയിലെ കോട്ടായി പഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെയും കാനറാ ബാങ്ക്, കോട്ടായി ശാഖയുടെയും സഹകരണത്തോടെ ശ്രീമതി.എം.പി.പ്രീത എന്ന സംരംഭകയുടെ ഉടമസ്ഥതയിൽ ആമീസ് ഫ്ളവർ & ഓയിൽ മിൽ എന്ന സ്ഥാപനം 2024 മെയ് 23 ന് പ്രവർത്തനം ആരംഭിച്ചു.

വിവിധയിനം കറി മസാലകൾ, അരി പൊടി, വെളിച്ചെണ്ണ തുടങ്ങിയ വിവിധ ഭക്ഷ്യ ഉത്പന്നങ്ങളാണ് നിലവാരമനുസരിച്ചുള്ള കൃത്യമായ ഗുണമേന്മ നിഷ്കർഷങ്ങളോടെ ഈ സംരംഭം മാർക്കറ്റിൽ എത്തിക്കുന്നത്.

പി.എം.എഫ്.എം.ഇ. പദ്ധതി പ്രകാരം കാനറാ ബാങ്ക്, കോട്ടായി ശാഖയിൽ നിന്നും 12 ലക്ഷംരൂപ വായ്പയായി നേടിയാണ് 35 % ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിക്ക് അർഹയായത്.



# മറൈൻ ഹൈഡ്രോകൊളോയിഡ്സിന് കേരള സർക്കാർ വ്യവസായ വാണിജ്യ വകുപ്പിന്റെ മികച്ച ഉൽപാദന സംരംഭത്തിനുള്ള അവാർഡ്

**02 വിജയവീഥിയിൽ സംരംഭകർ**

കൊച്ചിയിലെ പ്രമുഖ ഹൈഡ്രോകൊളോയിഡുകളും ഫുഡ് ഇൻഗ്രീഡിയൻസും ഉൽപ്പാദിപ്പിക്കുന്ന മറൈൻ ഹൈഡ്രോകൊളോയിഡ്സിനു കേരള സർക്കാർ വ്യവസായ വാണിജ്യ വകുപ്പിന്റെ മികച്ച ഉത്പാദന സംരംഭത്തിനുള്ള ( MSME ) അവാർഡ് ലഭിച്ചു. നാല് പതിറ്റാണ്ടിലേറെയായി ഭക്ഷ്യ സംസ്കരണ മേഖലയിൽ ആവശ്യമായ ഹൈഡ്രോകൊളോയിഡുകൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനത്തിൽ ഇന്ന് എൺപതിലധികം ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

Agar Agar, Spreadable Agar - Wondergel, Sealife Carrageenan, Sodium Alginate തുടങ്ങിയ വൈവിധ്യമാർന്ന ഹൈഡ്രോകൊളോയിഡുകളുടെ ഉൽപാദനത്തിനും കയറ്റുമതിക്കും നേതൃത്വം നൽകിയതിനു ശേഷം കേരളത്തിലെ മികച്ച സംരംഭക സൗഹൃദാന്തരീക്ഷം മുതലാക്കി കൊണ്ട് ഐസ്ക്രീം, Cake glaze, ബിവറേജുകൾ, Meat and Plane based meat എന്നീ ഉൽപ്പന്നങ്ങൾക്കുള്ള സ്റ്റെബിലൈസറുകൾ പോലുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങളിലേക്കും ഇന്ന് ഇവരുടെ സംരംഭം വ്യാപിച്ചിരിക്കുകയാണ്.

അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നിലവിൽ ലോകമെമ്പാടുമുള്ള അമ്പതിലധികം രാജ്യങ്ങളിലേക്ക് food, pharma, biotechnology, cosmetics, nutraceutical മേഖലകളിലെ വിവിധ വ്യവസായങ്ങൾക്ക് മറൈൻ ഹൈഡ്രോകൊളോയിഡ്സ് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.




# ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ രാജ്യത്തെ ആദ്യസമ്മേളനം കേരളത്തിൽ

വ്യവസായ വാണിജ്യ വകുപ്പ് ഐബിഎമ്മുമായി സഹകരിച്ച് 2024 ജൂലൈ 11, 12 തീയതികളിൽ കൊച്ചിയിൽ രാജ്യാന്തര ജനറേറ്റീവ് എഐ കോൺക്ലേവ് സംഘടിപ്പിക്കുന്നു. കൊച്ചി ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന പരിപാടിയിൽ ഭരണകർത്താക്കൾ, വ്യവസായ പ്രമുഖർ, നയരൂപീകരണ വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും. ആധുനിക സാങ്കേതികവിദ്യയായ ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പുകൾക്കും സംരംഭകർക്കും വിദ്യാർഥികൾക്കും പ്രാവീണ്യം നൽകാൻ ജനറേറ്റീവ് എ.ഐ. ഇന്റർനാഷണൽ കോൺക്ലേവ് സഹായകമാകും. ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ രാജ്യത്തെ ആദ്യ സമ്മേളനമാണിത്.

സമ്മേളനത്തിന്റെ വെബ്സൈറ്റ് (www.ibm.com/in-en/events/gen-ai-conclave) ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് പ്രകാശനം ചെയ്തു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്., ഐ.ടി.മിഷൻ ഡയറക്ടർ ശ്രീമതി അനുകുമാരി ഐ.എ.എസ്., കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ആർ.ഹരികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

വ്യവസായ വിദഗ്ധരുമായുള്ള കൂടിക്കാഴ്ച, എഐ നവീകരണത്തിനു മികച്ച സംഭാവന നൽകിയവർക്കുള്ള അനുമോദനം എന്നിവയും കോൺക്ലേവിലുണ്ടാകും. കോൺക്ലേവിനു മുന്നോടിയായി കോളജ് വിദ്യാർഥികൾക്കും പ്രാദേശിക സ്റ്റാർട്ടപ്പുകൾക്കുമായി വാട്സൺ-എക്സ് പ്ലാറ്റ്ഫോമുകളിൽ ഹാക്കത്തണുകളും ഐബിഎമ്മുമായി സഹകരിച്ച് ടെക് ടോക്കും സംഘടിപ്പിക്കും.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.